# ഒരു പിതാവിന്റെ പുത്രീവിലാപം

എൽസി യോഹന്നാൻ ശങ്കരത്തിൽ
Yohannan.elcy@gmail.com

അത്യന്ത വ്യഥിതമാ മായിരമോർമ്മകൾതൻ
കൂറ്റൻ കല്ലോലങ്ങൾ കുതിക്കും സ്മൃതിമണ്ഡലം
മീതേ നിശ്ചല നീലസാഗരമെൻ മാനസം
നിത്യദുഃഖമാം ഗർത്തമായ്ത്തീർന്നെൻ ജീവനാളം
ഓമനപ്പുത്രിതൻ അകാലനിര്യാണമിന്നെൻ
ഓർമ്മയിൽപ്പടർന്നെന്റെ മത്തിഷ്ക്കം തപിക്കുന്നു
ജീവിതമെന്നുമൊരു ഘോഷയാത്രയായെന്റെ
കോവിലിലുത്സവമനസ്യൂതം കളിയാടി
നാലുഭാഗത്തുനിന്നും നാദസ്വരമുയർന്നെൻ
നാലമ്പലത്തിലെന്നും ദീപങ്ങൾ ജ്വലിച്ചുനിന്നു,
നിത്യോത്സവ ജീവിത ക്ഷേത്രത്തിലെഴുന്നള്ളീ
പുത്തൻ നിലാവായെൻ ജന്മത്തിൻ കൈവിളക്കായ് നീ
അമ്പാരി കെട്ടിയൊരു കൊമ്പനാനപ്പുറത്ത്
തമ്പുരാട്ടിയെപ്പോലെൻ പൊന്നുമോളെഴുന്നള്ളീ
പൂരിതജന്മമായെൻ കണ്ണിനു സായൂജ്യമായ്
കൈരവസ്മിതം കണ്ടു ജന്മസാഫല്യം നേടി;
ദീപാവലിദിനത്തിലെൻ ക്ഷേത്രമിടിഞ്ഞതിൻ
ദീപങ്ങളണഞ്ഞുപോയ് കുറ്റാക്കൂറ്റിരുട്ടായി
എൻ ജീവക്ഷേത്രമൊരു പട്ടടയായി മാറി
എൻ പേതം വെന്തെരിയും കാഴ്ചയും കണ്ടുനിന്നു
കൈമുതലിഷ്ടപ്പടിക്കേല്പിച്ചു വിരമിക്കാൻ
കച്ചവടം നിറുത്തി ഭാരമിറക്കിവച്ച്
വിശ്രമം കൊള്ളാനായി തമ്പുരു മീട്ടുമ്പോഴെൻ
തന്ത്രികൾ തകർത്തല്ലോ വിധിതൻ താഡനത്താൽ
ഭദ്രവും ശുദ്ധവുമാ യെൻതപോവനത്തിലെ
ഭദ്രദീപമായെന്റെ 'കനകശ്രീ' വളർന്നു
കാലത്തിൻ കൂരമ്പേറ്റ് ആ പ്രാണൻ പിടഞ്ഞതും
കണ്ടുനിൽക്കാനായ് വിധി ഈ പാപിക്കൊരുക്കീ ഹാ!
അമ്പിളിയമ്മാവനെ കൈക്കുമ്പിളിൽക്കൊടുക്കാൻ
താരകങ്ങളെക്കോർത്ത് കാൽച്ചിലങ്കകൾ വാർക്കാൻ
ചക്രവാളം തുരന്ന് ചപ്രച്ചയരഞ്ഞാണം,
വർമഴവില്ലു കീറി പാവാടയുമൊരുക്കാൻ,
ആശിച്ചു മോഹിച്ചു ഞാനാർത്തിപൂണ്ടിരുന്നപ്പോൾ
ക്രൂരനാം വിധി തട്ടിപ്പറിച്ചെൻ പൊൻമുത്തിനെ;
എന്നിലെ ജീവാത്മാവും പ്രാണവായുവുമായോൾ
എന്നിലെ സങ്കല്പവും കാവ്യസിദ്ധിയുമായോൾ
ഇന്നവൾ സ്വർഗ്ഗത്തിലെ റാണിയായ് വിളങ്ങുന്നു
ഇന്നവൾ സിംഹാസനസ്ഥയായി തിളങ്ങുന്നു
ഉർവ്വശി മേനകകൾ ഗന്ധർവ്വ കന്യകകൾ
നാകീയ വിഭൂഷകൾ ചൂടിച്ചൊരുക്കിടുന്നു
കാണുന്നു ഞാനിന്നെന്റെ പൊൻമകൾ രാജ്ഞിതുല്യം
സ്വർണ്ണച്ചാമരത്തിൻ കീഴ് സാനന്ദം വാഴുന്നതും !
എൻ സർവ്വ സ്നേഹസ്വത്തൊരേ ബാങ്കിൽ നിക്ഷേപിച്ചു
ഈശ്വരനാബാങ്കിന്റെ ചെയർമാനായിരുന്നു,
കണ്ണീരിലെഴുതിയൊരു പാസ്സുബുക്കും പിന്നെ
എണ്ണമറ്റോർമ്മകൾതൻ ചെക്കുബുക്കും ശേഷിപ്പൂ,
ഇന്നു ഞാൻ തകർന്നൊരു പൂജ്യമായ് ശേഷിക്കുന്നു
ഈശ്വരശിക്ഷയ്ക്കുള്ള സാക്ഷ്യമോ ശങ്കിപ്പൂ ഞാൻ !!

……………………………………………….